## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5684 | 24.05.2017 ൽ മറുപടിയ്ക്ക് |
|---|---|

**സാമൂഹ്യനീതി വകുപ്പ് വിഭജനവും സ്പെഷ്യൽ റൂൾ ഭേദഗതിയും**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്** | **ശ്രീമതി.കെ.കെ.ഷൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പ് വിഭജിക്കാനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് പറയാമോ;<br>(ബി) വിഭജിച്ചുണ്ടാകുന്ന വകുപ്പുകളിൽ ഏതൊക്കെ വിഷയങ്ങളും പദ്ധതികളുമാണ് ഉണ്ടാകുക എന്ന് വിശദീകരിക്കാമോ; | (എ) & (ബി) സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് വനിതാ വികസന വകുപ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 17.09.2016 ലെ സ.ഉ(സാധാ) നം.436/2016/സാനീവ പ്രകാരം സാമൂഹ്യനീതി വകുപ്പ് മുൻ ഡയറക്ടർ ശ്രീ.വി.എൻ.ജിതേന്ദ്രനെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും അദ്ദേഹം ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി)സാമൂഹ്യനീതി വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്താനുള്ള നിർദ്ദേശത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br>(ഡി)ഏതൊക്കെ കാര്യങ്ങളിൽ ഭേദഗതി വരുത്താനുള്ള നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് പറയാമോ;<br>(ഇ) ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുവാൻ കാലതാമസവും ബുദ്ധിമുട്ടും സാങ്കേതിക തടസ്സവും ഉള്ളത് കണക്കിലെടുത്ത് എത്രയും വേഗം ഭേദഗതി നടത്തുവാൻ നിർദ്ദേശം നൽകുമോ? | (സി), (ഡി) & (ഇ) സാമൂഹ്യനീതി വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| കാറ്റഗറി | ഇപ്പോഴത്തെ സ്ഥിതി |
|---|---|
| വനിതാ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായുള്ള യോഗ്യതാ മാനദണ്ഡം പുനർ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് | സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ട്. തുടർനടപടികൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| സബോർഡിനേറ്റ് സർവ്വീസ് വിശേഷാൽ ചട്ടത്തിലുൾപ്പെട്ട കാറ്റഗറി (5), കാറ്റഗറി (12) എന്നിവയിലേയ്ക്കുള്ള ബൈട്രാൻസ്ഫർ നിയമനത്തിൽ മാറ്റം വരുത്തുന്നതുമായി ബന്ധപ്പെട്ട് | വിശേഷാൽ ചട്ട ഭേദഗതി നിയമ വകുപ്പിന്റെ പരിശോധനയിലാണ്. |
| ആയ തസ്തിക മേട്രൺ ഗ്രേഡ്-2 തസ്തികയുടെ ഫീഡർ കാറ്റഗറിയാക്കുന്നതുമായി ബന്ധപ്പെട്ട് | സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| കെയർ ഗീവർ തസ്തികയിൽ ജോലി ചെയ്തു വരുന്ന | പ്രൊപ്പോസൽ സമർപ്പിക്കാൻ സാമൂഹ്യനീതി ഡയറക്ടർക്ക് |

| | | | | |
|---|---|---|---|---|
| | | ജീവനക്കാർക്ക് കെയർ ടേക്കർ തസ്തികയിലേയ്ക്ക് പി.എസ്.സി വഴിയുള്ള നിയമനത്തിന് അപേക്ഷ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് | നിർദ്ദേശം നൽകിയിട്ടുണ്ട് | |

സെക്ഷൻ ഓഫീസർ